HON'BLE MR. N. KUNJURAMAN. : അസ്സലും പകർപ്പും മാത്രമല്ല കമ്മീഷനുടെ റിമാർക്സും വരാറുണ്ട്.

MR. K. SARANGADHARAN : അസൽകിട്ടി എത്രനാൾ കഴിഞ്ഞശേഷമാണ് പകർപ്പുകിട്ടേണ്ടത് ?

HON'BLE. MR. N. KUNJURAMAN ; അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

Advisory Committee.

*25. MR. N. DANIEL JOSE (*Neyyattinkara III–S. I. U. C.*) : Will the Hon'ble Minister for General Administration be pleased to state :

(*a*) whether the Government propose to reconstitute advisory committees like the Economic Development Board, Transport Advisory Committee, Text Book Committee etc., in view of the changed circumstances ; and

(*b*) if so, when ?

HON'BLE MR. T. K. NARAYANA PILLAI : (*a*) and (*b*) The whole question is under the consideration of Government.

MR. ABDUL AZIZ : കഴിഞ്ഞനിയമസഭയിലും ഇതേചോദ്യം ചോദിച്ചപ്പോൾ, ഇങ്ങനെ "reconsider" ചെയ്യാൻ പോകുന്നു എന്നാണ് പറഞ്ഞത്. അതിനുശേഷം ഇതുസംബന്ധിച്ച ഗവണ്മെന്റു് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : പഴയകമ്മിറ്റിതന്നെ ഡിസാൾവുചെയ്തിട്ടു അടുത്തകാലത്തു് പുതിയ കമ്മിറ്റികൾ രൂപീകരിക്കണമെന്നു് ഉദ്ദേശിക്കുന്നുണ്ടു്. ആ കമ്മറ്റികളിൽ ഈ സഭയിൽ നിന്നും ഏതാനും ചില മെംബറന്മാരെ കൂടി തിരഞ്ഞെടുക്കേണ്ടതായുണ്ടു്. ടെക്സ്റ്റുബുക്കു കമ്മിറ്റിപ്പറ്റി പറയുകയാണെങ്കിൽ അതിനെപ്പറ്റിഗവണ്മെൻറിനു് ചില നിശ്ചിതമായ അഭിപ്രായമുണ്ടു്. അക്കാര്യത്തെപ്പറ്റിഗവണ്മെൻറു ഗാഢമായി ആലോചിച്ചു വരുകയാണു്.

Verumpattom Kudiyans.

*26. MR. E. P. POULOSE (*Muvattupuzha III– General*) : Will the Hon'ble Minister for Land be pleased to state whether Government have under consideration by legislative measure to secure the rights of Verumpattom kudiyans ?

HON'BLE MR. V. O. MARKOSE : The matter is under the consideration of Government.

MR. E. P. POULOSE : കഴിഞ്ഞനിയമസഭായോഗത്തിൽ ഈ മാതിരി ഒരു നിയമം ഉണ്ടാക്കുന്നതുവരെ വസ്തു ഒഴിപ്പിക്കുന്നതിൽനിന്നും തടയു

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. P. Poulose]

വാനുള്ള നടപടികൾ നടത്താമെന്ന് ഗവണ്മെൻറ് പറഞ്ഞിരുന്നു. ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

HON'BLE MR. V. O. MARKOS : ആ കാര്യത്തെപ്പറ്റി ഗവണ്മെൻറ് ഇപ്പോഴും ആലോചിച്ചുവരുകയാണ്.

MR. E. P. POULOSE : ഈ നിയമം എത്രയും വേഗത്തിൽ നടപ്പിൽ വരുമെന്നു പേടിച്ച് വെറുംപാട്ടകുടിയാന്മാരെ വസ്തുവിൽ നിന്നും ഇറക്കിവിടുവാൻ ഉള്ള അനവധി കേസുകൾ കോടതികളിൽ കൊടുത്തു വരുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. V. O. MARKOS : അറിയാം. അതു സംബന്ധിച്ചും ആലോചിക്കുന്നുണ്ട്.

MR. E. P. POULOSE : അടുത്ത നിയമസഭാസമ്മേളനത്തിനു് മുൻപായി ഇതുസംബന്ധിച്ച് ഉള്ള നിയമം ഉണ്ടാക്കുമെന്നു ആശിക്കാമോ ?

HON'BLE MR. V. O. MARKOS ; ഗവണ്മെൻറിന് അങ്ങനെ ഒരു വാഗ്ദാനംചെയ്യാൻ നിവൃത്തിയില്ല. ഇതേപ്പറ്റി ഗവണ്മെൻറ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്. അന്വേഷണത്തിന്റെ ഫലത്തെയും അതിന്റെ വ്യാപ്തിയേയും ആശ്രയിച്ചിരിക്കും നിയമം നടപ്പിൽ വരുത്തുന്നതു എപ്പോൾ ആണെന്നു നിശ്ചയിക്കുക.

MR. V. K. VARGHESE : സാധുക്കളായ ഈ വെറും പാട്ട കുടിയാന്മാരുടെ സങ്കടം എത്രയും വേഗത്തിൽ തീർക്കേണ്ടതാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ;

HON'BLE MR. V. O. MARKOS : ആ സംഗതിയും ഗവണ്മെൻറിന് നല്ലപോലെ അറിയാം. എല്ലാ കാര്യങ്ങളെയും പറ്റി ആലോചിച്ച് കഴിവുള്ളതു പരിഹാരം ചെയ്യുവാൻ വേണ്ട നടപടികൾ എടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുവരുകയാണ്.

MR. E. P. POULOSE : ഇതുസംബന്ധിച്ചുള്ള നിയമം നടപ്പിൽ വരുന്നതുവരെ അതുസംബന്ധിച്ചു കോടതികളിൽ കൊടുത്തിട്ടുള്ള കേസുകളുടെ നടപടികളെല്ലാം നിറുത്തിവച്ചിട്ടുള്ളതായ ഒരു വിളംബരം കൊച്ചിയിൽ പുറപ്പെടുവിപ്പിച്ചിട്ടുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. V. O. MARKOS : അറിയാം എന്നാൽ അങ്ങനെ ഒരു വിളംബരമുണ്ടായതുകൊണ്ട് ചില പ്രയാസങ്ങൾക്കുടി ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ഗവണ്മെൻറ് അതേപ്പറ്റി ആലോചിക്കുന്നതു്

MR. ABDUL AZIZ: ഗവണ്മെൻറ് നിയമം ഉണ്ടാക്കാമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുകയും അതേ സമയത്തു് അതിനു് കാലതാമസം വരുത്തുകയും ചെയ്യുന്നതുകൊണ്ടു് കുടിയാനവന്മാർക്കു് വളരെ വിഷമതകൾ ഉണ്ടാകുന്നുണ്ടെന്നു് അറിയാമോ?

HON'BLE MR. V. O. MARKOS: അറിയാം. എങ്കിലും പെട്ടെന്നു് നടപ്പിൽ വരുത്താവുന്ന ഒരു കാര്യമല്ല ഇതു്.

MR. N. V. CHACKO (*Kunnathnad III—General*): Retrospective effect കൊടുക്കണമെന്നു് ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. V. O. MARKOS: അതേപ്പറ്റി ആലോചിച്ചില്ല; retrospective effect കൊടുക്കുന്നതു് പൊതുവെ ശരിയല്ലെന്നാണു തോന്നുന്നതു.

MR. N. V. CHACKO: 1122 ആരംഭം മുതൽക്കാണു് ഈ നിയമം നടപ്പിൽ വരുത്തുന്നതെന്നും സ്റ്റേറ്റു കാൺഗ്രസ്സു് ഈ കുടിയാനവന്മാരെ വസ്തു ഒഴിപ്പിക്കുന്നതിൽ നിന്നു് സംരക്ഷിച്ചുകൊള്ളാമെന്നു ഞാപിച്ചിട്ടുള്ളതു് അന്നു മുതൽക്കാണെന്നും അതുകൊണ്ടു് അതുവരെ retrospective effect കൊടുക്കേണ്ടതു് അത്യാവശ്യമാണെന്നും ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. V. O. MARKOS: അതിനെക്കുറിച്ചും ആലോചിക്കാം.

Head Constables appointed as Inspectors.

27. *MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*): Will the Honourable Minister for Police be pleased to state:

(*a*) the number of Head Constables who have been appointed as Inspectors in the year 1121, 1122 and 1123;

(*b*) the number of such Inspectors reverted as Head Constables;

(*c*) has any such reverted officers been lifted again as Inspectors;

(*d*) will the Government be pleased to give their names, if any;

(*e*) has any Inspector been reverted as a Police Constable in 1122 or 1123; and

(*f*) if the answer to part (e) is in the affirmative, will the Government be pleased to state the names of such officers?

HON'BLE MR. T. K. NARAYANA PILLAI: (*a*) 1121—11
1122— 5
1123—16

(*b*) 3

(*c*) Yes.

(*d*) Mr. K. Parameswaran Potti.

(*e*) No.

(*f*) This does not arise in view of answer to part (e).

LIBRARY ARCHIVES Kerala Legislative Assembly